ഉത്തരം

(എ) കർഷക തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാത്ത രീതിയിൽ കാർഷിക മേഖലയിലെ കഠിനമായ പ്രവർത്തനങ്ങൾ യന്ത്രവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൃഷി വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. കേന്ദ്ര പദ്ധതിയായ ചെറുകിട യന്ത്രവത്ക്കരണം, കാർഷിക യന്ത്രവത്ക്കരണം എന്നീ രണ്ട് പദ്ധതികളിലായി 120.00 ലക്ഷം രൂപയും, സംസ്ഥാന പദ്ധതിയായ കാർഷിക യന്ത്രവല്ക്കരണത്തിന് 200.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ട്രാക്ടർ, ടില്ലർ, കൊയ്ത്ത് മെതിയന്ത്രങ്ങൾ, തെങ്ങ് കയറ്റ ഉപകരണങ്ങൾ, സ്പ്രെയറുകൾ എന്നിവ കർഷക സമിതികൾക്ക് സബ്സിഡി വ്യവസ്ഥയിൽ നൽകി വരുന്നു.

(ബി) തുണ്ട് കൃഷി ഭൂമിയുള്ള പച്ചക്കറി, നെല്ല്, തെങ്ങ് കൃഷിക്കാരെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് കൃഷി ആദായകരമാക്കുക എന്നതാണ് ലക്ഷ്യം. ഉൽപ്പാദനോപാധികൾ സംഭരിക്കുന്നതിനും പരിശീലനം നൽകുന്നതിനും കാർഷിക യന്ത്രവൽക്കരണത്തിനും ഗ്രൂപ്പ് അടിസ്ഥാനത്തിൽ കർഷകരുടെ കൂട്ടായ്മയിലൂടെ മാത്രമേ പ്രസ്തുത പദ്ധതികൾ നടത്തുവാൻ സാധിക്കുകയുള്ളൂ.

(സി) കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് കാർഷിക യന്ത്രവൽക്കരണത്തിൽ ഊന്നൽ നൽകി കൊണ്ട് സർവ്വകലാശാല ഗവേഷണ പദ്ധതികളും വിജ്ഞാനവ്യാപന പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ 'ക്ഷേത്ര സുരക്ഷാസേന' പ്രവർത്തിച്ചുവരുന്നു. ഇതുവഴി കാർഷിക യന്ത്രവൽക്കരണത്തിലും കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികളിലും പരിശീലനം നൽകുകയും, പരിശീലനം നേടിയവരുടെ സേവനം കൃഷിക്കാർക്കു ലഭ്യമാക്കുകയും ചെയ്യുന്നു.

പ്രത്യേക നെൽക്കൃഷി മേഖലയുടെ വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

211 (1175) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എം. ഹംസ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേത്രസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക നെൽക്കൃഷി മേഖലയുടെ വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊക്കാളി നെൽക്കൃഷി മേഖലയിൽ പദ്ധതിയുടെ പ്രവർത്തന ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ; പാലക്കാടൻ മേഖലയിൽ നെല്ലുൽപ്പാദനത്തിൽ എന്തുമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നടപ്പു സാമ്പത്തിക വർഷം സംസ്ഥാന ക്ഷേമ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക നെൽകൃഷി മേഖലയുടെ വികസനത്തിന് താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു:

1. കരകൃഷി – 300 ലക്ഷം രൂപ
2. വനിതാ ഗ്രൂപ്പുകൾക്കുള്ള നെൽകൃഷി വികസന പദ്ധതികൾ – 100 ലക്ഷം രൂപ
   (a) തരിശുനില കൃഷി പദ്ധതി
   (b) ഞാറ്റടി തയ്യാറാക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി
3. നെൽകൃഷി മേഖലയിൽ വിജയകരമായി നടപ്പിലാക്കിയ പദ്ധതി മാതൃകയാക്കി ഓരോ പ്രദേശത്തിനും അനുയോജ്യമായ തരത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള "വടക്കാഞ്ചേരി മാതൃക" പദ്ധതി – 500 ലക്ഷം രൂപ
4. വയനാട് ജില്ലയിലെ സുഗന്ധ/ഔഷധ നെല്ലിനങ്ങളുടെ സുസ്ഥിരത ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതി – 85 ലക്ഷം രൂപ
5. കോഴിക്കോട് ജില്ലയിൽ ഉൾപ്പെട്ട പെരുമുഴ പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം നൽകുന്ന പദ്ധതി – 15.93 ലക്ഷം രൂപ
6. പഞ്ചായത്തു തലത്തിൽ സുസ്ഥിര നെൽകൃഷി വികസനത്തിനുള്ള പദ്ധതി – 530 ലക്ഷം രൂപ
7. സംസ്ഥാനത്ത് പാലക്കാട് ജില്ലയിൽ മാത്രമായി നടപ്പിലാക്കി വരുന്ന ദേശീയ ക്ഷേമ സുരക്ഷാ പദ്ധതി – 262.35 ലക്ഷം രൂപ

(സി) എറണാകുളം ജില്ലയിലെ തീരദേശങ്ങളിൽ തികച്ചും ജൈവരീതിയിൽ കൃഷി ചെയ്യുന്ന നെൽപ്പാടങ്ങളാണ് പൊക്കാളി പാടങ്ങൾ. 6 മാസം നെല്ലും 6 മാസം ചെമ്മീൻ കൃഷിയും അവലംബിക്കുന്ന പാടങ്ങളിൽ ക്ഷേമസുരക്ഷാ പദ്ധതി നടപ്പിലാക്കിയതിലൂടെ 100 ഹെക്ടറിൽ അധികമായി കൃഷിയിറക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

ഉല്പാദന ക്ഷമത 1.20 ടണ്ണിൽ നിന്നും 2.4 ടണ്ണായി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിനുപുറമേ ടി പദ്ധതിയിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളായ സ്ലൂയിസ് നിർമ്മാണം, പെട്ടി പറ സ്ഥാപിക്കൽ, എഞ്ചിൻതറ നിർമ്മാണം, ഉണക്ക് മെതി കളങ്ങൾ, ഡീസൽ എഞ്ചിൻ, മോട്ടോർ പമ്പ് സെറ്റ് പവ്വർ ടില്ലറുകൾ മുതലായവ ലഭ്യമാക്കൽ എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ സംസ്ഥാന/കേന്ദ്ര ഭക്ഷ്യ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കിയതു വഴി ജില്ലയിലെ നെല്ലുല്പാദനം 2007-08-ൽ 4,11,787 ലക്ഷം ടണ്ണായിരുന്നത് 2009-10-ൽ 4.892 ലക്ഷം ടണ്ണായി വർദ്ധിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2005-06 മുതൽ 2010-11-ൽ നാളിതുവരെ 43575 ഹെക്ടർ തരിശുനിലങ്ങൾ കൃഷി യോഗ്യമാക്കിയിട്ടുണ്ട്.

പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിന് നടപടികൾ

212 (1176) ശ്രീ. വർക്കല കഹാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറികളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്നറിയിക്കുമോ ;

(ബി) സംസ്ഥാനത്തിനുള്ളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കാനും വിതരണം നടത്താനും പുതിയതായി എന്തൊക്കെ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) അയൽസംസ്ഥാനങ്ങളിൽ നിന്ന് സംഭരിക്കുന്ന പച്ചക്കറികൾ ന്യായവിലയ്ക്ക് ലഭ്യമാക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ഡി) അമിതവിലയ്ക്ക് പച്ചക്കറിവില്പന നടത്തുന്നത് നിയന്ത്രിക്കുന്നതിനും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് പച്ചക്കറി ലഭ്യമാക്കാനും എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പച്ചക്കറിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിന് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. കൃഷി വകുപ്പ് എന്നിവ വിപണി ഇടപെടൽ നടത്താറുണ്ട്. പൊതുവിപണിയിലേതിനേക്കാൾ 20% മുതൽ 30% വരെ വില കുറച്ചാണ് ഈ ഏജൻസികൾ മുഖേന പച്ചക്കറികൾ ഇത്തരം സന്ദർഭങ്ങളിൽ വിൽക്കുന്നത്. ഓണക്കാലത്തും, പച്ചക്കറിയുടെ വില ക്രമാതീതമായി ഉയർന്ന, കഴിഞ്ഞ ഡിസംബർ മാസത്തിലും മിക്കവാറും എല്ലാ ജില്ലകളിലും ഹോർട്ടികോർപ്പ് ഫെയറുകൾ സംഘടിപ്പിക്കുകയും 20% വരെ പൊതുവിപണിയിലേതിനേക്കാൾ വില കുറച്ച് പച്ചക്കറികൾ വിതരണം ചെയ്യുകയുമുണ്ടായി. ഇത്തരത്തിൽ കഴിഞ്ഞ ഓണക്കാലത്ത് കൃഷി വകുപ്പ് നേരിട്ട് നടത്തിയ

LIBRARY ARCHIVES Kerala Legislative Assembly